## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ 14,837/- രൂപയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ. (സാധാ) നം.2865/16/തസ്വഭവ. തിരുവനന്തപുരം, തീയതി: 13/10/2016**

---

പരാമർശം:-
1) പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02/07/14 തീയതിയിലെ കത്ത്
2) സാമൂഹ്യനീതി (എ) വകുപ്പിന്റെ 04/04/16-ലെ 12268/എ 1/2014/സാ.നീ.വ നമ്പർ കത്ത്.
3) പഞ്ചായത്ത് ഡയറക്ടറുടെ 05/08/15 തീയതിയിലെ എം3-30521/14 നമ്പർ കത്ത്.
4) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 23/08/2016 തീയതിയിലെ കെ.എസ്.എ 5432/സ്പെ. സെൽ/സി എസ് സി/ഡി 1/2016 നമ്പർ കത്ത്.

### ഉത്തരവ്

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ 2008-09 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ 'അംഗനവാടികൾക്ക് കളിക്കോപ്പ് വാങ്ങൽ' പദ്ധതിയിൽ പ്ലാസ്റ്റിക് താറാവ് (കളിക്കോപ്പ്) വാങ്ങിയപ്പോൾ ടെണ്ടർ പ്രകാരം ക്വാട്ട് ചെയ്തതിനെക്കാൾ കൂടുതൽ തുക നൽകിയതിനാൽ അധികമായി നൽകിയ 14,837/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

2) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്തിരുന്നത് ഗുണനിലവാരം കുറഞ്ഞ പ്ലാസ്റ്റിക് താറാവ് (കളിക്കോപ്പ്) ആയിരുന്നെന്നും ആകയാൽ ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച ചെയ്ത് കൂടുതൽ ഉറപ്പുള്ളതും ഈടുനിൽക്കുന്നതുമായ ഫൈബർ താറാവുകൾ കുറഞ്ഞ റേറ്റിലുള്ള ഫൈബർ താറാവിന്റെ ക്വട്ടേഷൻ അംഗീകരിച്ച് അതേ സ്ഥാപനത്തിൽ നിന്നും വാങ്ങിയെന്നും ആയത് ഭരണസമിതി അംഗീകരിച്ചിരുന്നെങ്കിലും മിനിട്സിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും പ്രസ്തുത ഫൈബർ താറാവുകൾ ഇപ്പോഴും അംഗനവാടികളിൽ ഉപയോഗിക്കുന്നുണ്ടെന്നും പഞ്ചായത്തിന് യാതൊരു ധനനഷ്ടവും സംഭവിച്ചിട്ടില്ലാത്തതിനാൽ അധികമായി ചെലവഴിച്ചതും ഓഡിറ്റിൽ തടസ്സപ്പെടുത്തിയതുമായ രൂപ 14,837/- ന്റെ ചെലവിന് സാധൂകരണം നൽകണമെന്ന് പരാമർശം 1 കത്ത് പ്രകാരം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊജക്റ്റ് നടപ്പിലാക്കിയതിൽ പഞ്ചായത്തിന് യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് തടസ്സം

ഒഴിവാക്കാവുന്നതാണെന്ന് സാമൂഹ്യനീതി വകുപ്പ് പരാമർശം 2 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.പഞ്ചായത്ത് ഭരണസമിതി തീരുമാനം വ്യക്തമായ ശുപാർശ സഹിതം പരാമർശം 3 കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കാതെ പൊതുമേഖലാ സ്ഥാപനമായ 'കാഡ്കോ' യിൽ നിന്നാണ് കളിപ്പാട്ടങ്ങൾ വാങ്ങിയെന്നത് പരിഗണിച്ച് പ്രസ്തുത ഓഡിറ്റ് തടസ്സത്തിന്മേലുള്ള സർചാർജ്ജ് നടപടികൾ ഒഴിവാക്കാമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്നും എന്നാൽ ഖണ്ഡികയിലെ നഷ്ടത്തുക (14,837/-) ഭരണതല നടപടിയിലൂടെ ഐ.സി.ഡി.എസ് സൂപ്പർവൈസർ-ൽ നിന്നും ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും പഞ്ചായത്ത് തീരുമാന പ്രകാരം നഷ്ടം ഉണ്ടായിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തിയ സാഹചര്യത്തിൽ തദനുസൃതമായി വിഷയം തീർപ്പാക്കാവുന്നതാണെന്ന് പരാമർശം 4 കത്ത് പ്രകാരം കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, സാമൂഹ്യ നീതി വകുപ്പ്, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ മറുപടി കണക്കിലെടുത്തും കളിക്കോപ്പുകൾ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും വാങ്ങിയതും പ്രസ്തുത കളിക്കോപ്പുകൾ ഇപ്പോഴും ഉപയോഗത്തിലുള്ളതും പഞ്ചായത്തിന് ധനനഷ്ടം സംഭവിച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും പരിഗണിച്ച് മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.6 പ്രകാരം തടസ്സപ്പെടുത്തിയ തുകയായ 14,837/-രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്,മലപ്പുറം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ,, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ